JAGRATHA 93

Vol-3, N0:19
12-05- 2009

*Kerala Catholic Bishops' Council's*

## *Commission for Social Harmony and Vigilance*

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com
(For Private circulation Only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ കത്തോലിക്കാ സഭ ഒരുപടി മുന്നിൽ തന്നെ.

'നീ നിന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കണം' എന്ന വചനത്തിൽ തൊഴിലിന്റെ മഹത്വം പൂർണമായും ഉൾക്കൊണ്ടിരിക്കുന്നു. തൊഴിലില്ലാതെ ജീവക്കുന്നവരും തൊഴിലെടുക്കാൻ മടിച്ചു ജീവിക്കുന്നവരും ഉറകെട്ട ഉപ്പിനെപ്പോലെ അവരവർക്കു തന്നെയും ലോകത്തിനും പ്രയോജനരഹിതരാണ്. അദ്ധ്വാനിച്ചു ജീവിക്കുന്നതിന്റെ മഹത്വം പ്രഘോഷിക്കുന്ന നിരവധി ഉപമകൾ ക്രിസ്തു തന്റെ ജനത്തോട് വെളിപ്പെടുത്തിയിട്ടുണ്ട്. 'ഫലമില്ലാത്ത വൃക്ഷം വെട്ടി തീയിൽ എറിയപ്പെടും' എന്ന ക്രിസ്തുവചനവും ജീവിതമെന്നത് ഫലപൂർണമാകണം എന്ന് നമ്മെ ഓർമപ്പെടുത്തുകയാണ്.

### തൊഴിലാളികളുടെ കണക്കുകൾ

ഇനി ചില കണക്കുകൾ പരിശോധിക്കാം. ഇന്ത്യയിൽ 45.8 കോടി തൊഴിലാളികൾ ഉണ്ടെന്നാണ് സർക്കാരിന്റെ സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവരിൽ 93 ശതമാനം പേരും അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്നവരാണ്. അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരെയും സാമൂഹിക സുരക്ഷയില്ലാത്ത തൊഴിലിടങ്ങളിൽ പണിയെക്കുന്ന തൊഴിലാളികളെയുമാണ് അസംഘടിത തൊഴിലാളികൾ എന്നു വിളിക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 65 ശതമാനവും കയറ്റുമതിയുടെ 40 ശതമാനവും അസംഘടിത തൊഴിലാളികളുടെ സംഭാവനയാണ്. പക്ഷേ എല്ലാക്കാലത്തും അസംഘടിത തൊഴിലാളികൾ അസംഘടിതരായിത്തന്നെയിരിക്കുന്നു. കേരളത്തിലെ തൊഴിലാളികളിൽ എൺപതു ശതമാനത്തോളം അസംഘടിതമേഖലയിലാണ്.

### തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് പാപം

നീ നിന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കണം എന്ന വചനം അല്പംകൂടി മനനം ചെയ്യുക. അപ്പോൾ തെളിഞ്ഞുവരുന്നത് ഇപ്രകാരമാണ് അന്യന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് നിന്റെ കൃഷിയിടം നനയ്ക്കാമെന്ന് നീ നിനയ്ക്കരുത്. അതാണ് കൊടും പാപം. അത്തരം പാപത്തിലേക്ക് നീ വീണുപോകാതിരിക്കുക. സ്വന്തം കളപ്പുരകൾ കതിരുകൾ കൊണ്ട് നിറച്ച് ഇനി തിന്നുക കുടിക്കുക ആനന്ദിക്കുക എന്ന് തന്നോടുതന്നെ പറഞ്ഞവനോട് ഇന്നു രാത്രിയിൽ ഞാൻ നിന്റെ ആത്മാവിനെ വിളിച്ചാൽ നീയെന്തു ചെയ്യും എന്ന ഒരു ഉപമയിലൂടെ സ്വത്തിന്റെയും അധ്വാനത്തിന്റെയും വിതരണത്തെക്കുറിച്ചുള്ള സുചിന്തിതാഭിപ്രായമാണ് യേശു പ്രകടമാക്കുന്നത്. എല്ലവരുടെയും ആവശ്യത്തിനുള്ളവ ലോകത്തിലുണ്ട്. ആരുടെയും അത്യാർത്തി തീർക്കുവാനുള്ളതല്ല എന്ന ഗാന്ധിജിയുടെ വാക്യവും ഇതിനോടു ചേർത്തുവായിക്കണം.

### തൊഴിലാളി തൊഴിലിന്റെ മഹത്വം തിരിച്ചറിയണം

തൊഴിലിന്റെ ഉടമയാണ് തൊഴിലാളി. തൊഴിൽ ചെയ്തു ജീവിക്കുന്നതിന്റ മഹത്വം തിരിച്ചറിയുകയും ചെയ്യുന്ന തൊഴിലിൽ ആനന്ദം കണ്ടെത്തുകയും ചെയ്യുന്ന ആൾ കൂടിയാണ് തൊഴിലാളി.

എല്ലാ മനുഷ്യരും വ്യത്യസ്തമായ തൊഴിൽ ചെയ്തു ജീവിക്കുന്നവരാണ്. ചിലർ ശാരീരികമായി അധ്വാനിക്കുമ്പോൾ ചിലർ ബുദ്ധി ഉപയോഗിച്ച് ജോലി ചെയ്യുന്നു. ചിലരുടെ അദ്ധ്വാനം എന്നു പറയുന്നത് മറ്റുള്ളവരെ ഉപയോഗിച്ച് ജോലി ചെയ്യിക്കുകയാണ്. അതിനുള്ള കണക്കുകൂട്ടലും ആസൂത്രണവും ബുദ്ധിയുടെ വിനിയോഗവും അവർ തങ്ങളുടെ തൊഴിലിൽ നടത്തുന്നു. എല്ലാവരും തൊഴിൽ ചെയ്തു ജീവിക്കണമെന്നും എല്ലാ തരത്തിലുള്ള അധ്വാനവും മനുഷ്യനന്മയ്ക്കും മനുഷ്യരുടെ ഉന്നമനത്തിനും പുരോഗതിക്കും വേണ്ടിയാണെന്നുമുള്ള മഹത്തായ സന്ദേശമാണ് മേയ്ദിനം നമുക്കുമുന്നിൽ അവതരിപ്പിക്കുന്നത്.

### തൊഴിലാളി ദിനത്തിന്റെ ചരിത്രം

1889 മേയ് ഒന്നിനാണ് ലോകത്ത് ആദ്യമായി തൊഴിലാളി ദിനം ആചരിച്ചത്. ആചരണം നടന്നത് ചിക്കാഗോയിലും. കുപ്രസിദ്ധമായി ഹേ മാർക്കറ്റ് കൂട്ടക്കൊലയ്ക്കു ശേഷമായിരുന്നു തൊഴിലാളികളുടെ അവകാശങ്ങൾ നേടാനും സംരക്ഷിക്കാനും തൊഴിലിടങ്ങൾ കൂടുതൽ സുരക്ഷിതമാക്കുന്നതിനുമായി അന്താരാഷ്ട്ര തൊഴിലാളി സംഘടനകൾ സംഘടിച്ച് മേയ്ദിനം ലോക തൊഴിലാളി ദിനമായി ആചരിച്ചു തുടങ്ങിയത്. ചിക്കാഗോയിലെ ഒരു തൊഴിൽശാലയിൽ ജോലിസമയം എട്ടുമണിക്കൂർ ആയി നിജപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സമരം ചെയ്ത തൊഴിലാളികൾക്കുനേരെ വെടിവെച്ച പോലീസുകാരുടെ നിഷ്ഠൂരതയ്ക്കെതിരെ അണിചേർന്ന തൊഴിലാളി വർഗം ഒറ്റക്കെട്ടായി അണിചേർന്നു. തൊഴിലിനും ജീവിതത്തിനും സുരക്ഷിതത്വം വേണമെന്നായിരുന്നു തൊഴിലാളികൾ പ്രധാനമായും ആവശ്യപ്പെട്ടത്. ഫ്രഞ്ചുവിപ്ലവത്തിന്റെ ശതാബ്ദിയാഘോഷത്തിന്റെ ഭാഗമായി 1890ൽ പാരീസിൽ ചേർന്ന അന്താരാഷ്ട്ര തൊഴിലാളി പ്രസ്ഥാനങ്ങൾ എല്ലാ മാസവും മേയ് ഒന്നാം തീയിതി അന്താരാഷ്ട്ര തൊഴിലാളി ദിനമായി ആചരിക്കാൻ തീരുമാനിച്ചു. ഇന്ത്യയിൽ 1923ൽ മദ്രാസിൽ വച്ചാണ് കിസാൻ പാർട്ടി ഓഫ് ഹിന്ദുസ്ഥാൻ മേയ് ഒന്ന് അവധിദിനമായി പ്രഖ്യാപിക്കണമെന്ന പ്രമേയം പാസാക്കിയത്. പാർട്ടിനേതാവായ ശിങ്കാരവേലു ചെട്ടിയാരാണ് ആഘോഷങ്ങളൊരുക്കിയത്. ഇങ്ങനെ നിരവധി തൊഴിലാളി പ്രസ്ഥാനങ്ങളുടെ നിരന്തമായ പ്രതിഷേധ സമരത്തിനും പോലീസിന്റെ നിഷ്ഠൂരമായ മർദനത്തിനും അനേകം പേരുടെ രക്തസാക്ഷിത്വത്തിനും ശേഷമാണ് തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ സുരക്ഷിതത്വതവും ജീവിക്കുന്നതിനാവശ്യമായ വേതനവും ലഭിച്ചത്. എന്നാൽ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു ദുസ്ഥിതിയെക്കുറിച്ചുകൂടി മേയ് ദിന ചിന്തയിൽ ഉൾപ്പെടുത്താതെ വയ്യ.

### അവകാശങ്ങൾക്കൊപ്പം കടമകളെക്കുറിച്ചും അറിയണം

അവകാശങ്ങൾക്കൊപ്പം കടമകളെക്കുറിച്ചുകൂടി ബോധവാനാകുന്ന വ്യക്തിയാണ് യഥാർത്ഥ തൊഴിലാളി. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ ഇപ്പോൾ തൊഴിലാളി വർഗത്തിൽ വലിയൊരു ശതമാനത്തിനും തങ്ങളുടെ കർത്തവ്യങ്ങളെക്കുറിച്ചുമാത്രമാണ് ബോധ്യമുള്ളത്. തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വങ്ങളെക്കുറിച്ച് യാതൊരു ചിന്തയുമില്ല. അല്ലെങ്കിൽ അതിനെക്കുറിച്ച് അജ്ഞത നടിക്കുന്നു. അവകാശങ്ങൾ നേടിയെടുക്കാൻ ഏതു തരത്തിലുള്ള സമരത്തിന്റെയോ, ഫാക്ടറികൾ അടച്ചുപൂട്ടിച്ച് എല്ലാവരെയും പട്ടിണിയിടുന്ന അവസ്ഥയിലേക്കോ കാര്യങ്ങൾ എത്തിക്കുന്നതിൽ ഇന്ന് തൊഴിൽ സംഘടനകൾക്ക് യാതൊരു മടിയുമില്ല. തൊഴിൽ സൗകര്യങ്ങൾ വർദ്ധിക്കുന്നത് തൊഴിലിടങ്ങളിൽ യന്ത്രസംവിധാനം കൂടുതൽ വരുന്നതും തൊഴിൽ കാര്യക്ഷമത വർധിപ്പിക്കുന്നതിനു സഹായിക്കുകയാണ് ചെയ്യുന്നത്. അല്ലാതെ അത് തൊഴിലാളികളെ പട്ടിണിക്കിടുന്നതിനുള്ള ഗൂഢശ്രമങ്ങളെന്ന് വ്യാഖ്യാനിക്കരുത്. ഇത്തരം വ്യാഖ്യാനങ്ങൾ മാർക്സിറ്റ് പാർട്ടിയുടെ പ്രധാന അജണ്ടയാണ്. കമ്പ്യൂട്ടർവത്കരണത്തെ എതിർത്തിരുന്ന പാർട്ടിയുടെ, സംസ്ഥാന സെക്രട്ടറി വരെ ഇപ്പോൾ ഉപയോഗിക്കുന്നത് ലാപ്ടോപ്പാണ്. പാർട്ടി ഓഫീസുകൾ ഇപ്പോൾ കമ്പ്യൂട്ടർ വത്കൃതമാണ്. കമ്പ്യൂട്ടർ സാക്ഷരതയിലൂടെയാണ് ഇപ്പോൾ ഏറ്റവുമധികം യുവജനങ്ങൾ തൊഴിൽ നേടുന്നത്.

ഇന്ത്യയുടെ പ്രധാന കയറ്റുമതി വിഭവമായിക്കഴിഞ്ഞു നമ്മുടെ സോഫ്റ്റുവെയറുകളും അഭ്യസ്തവിദ്യരായ യുവജനങ്ങളും. അതുകൊണ്ടുതന്നെ യന്ത്രസംവിധാനം ഒരിക്കലും തൊഴിലാളിയെ ഇല്ലാതാക്കുന്നില്ല. തൊഴിലിടങ്ങൾ കൂടുതൽ സുരക്ഷിത്വം കൂട്ടുകയും അദ്ധ്വാനഭാരം കുറയ്ക്കുകയും ചെയ്യുന്നതിന് യന്ത്രസംവിധാനം സഹായിക്കും. കുട്ടനാട്ടിലെ പാടങ്ങളിൽ കൊയ്യുന്നതിന് ആളില്ലാതെ

ആയിരക്കണക്കിന് ഏക്കർ കൃഷി നശിക്കുമ്പോൾ കൊയ്ത്തുമെതി യന്ത്രങ്ങൾ വയലിൽ ഇറക്കാതെ തൊഴിലാളികൾ പ്രതിഷേധിച്ചു. എന്നാൽ അതുകൊണ്ട് ആർക്കും പ്രയോജനം ലഭിച്ചില്ല. ബാങ്കിൽ നിന്നു കടം മേടിച്ചും കൃഷിയിറക്കിയ പാവപ്പെട്ട കൃഷിക്കാർ നിത്യ കടക്കാരായി എന്നതു മാത്രമാണ് തൊഴിലാളികളുടെ തൊഴിലാളി വിരുദ്ധ നിലപാടുകൊണ്ട് ഉണ്ടായ നേട്ടം. ഇതുപോലെ തൊഴിലാളി വിരുദ്ധവും സാമൂഹിക വിരുദ്ധവുമാണ് നോക്കുകൂലി പോലെ ചെയ്യാത്ത ജോലിക്ക് കൂലി ആവശ്യപ്പെടുന്ന അവസ്ഥയും. ഇത്തരം പ്രവർത്തികളിൽ ഏർപ്പെടുന്ന തൊഴിലാളികളും അതിനായി അവരെ പ്രേരിപ്പിക്കുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങളും ഒരേപോലെ രാഷ്ട്രത്തെ നശിപ്പിക്കുകയാണ്. പലപ്പോഴും തൊഴിലാളിയും ബലിയാടാക്കപ്പെടുന്നു എന്നതാണ് സത്യം. രാഷ്ട്രീയക്കാരുടെ ഇച്ഛയ്ക്കനുസരിച്ച്, തുള്ളുന്ന പാവകളായി തൊഴിലാളികൾ മാറ്റപ്പെടുന്നു എന്നതാണ് സത്യം.

### തൊഴിലാളികളോട് അനുഭാവപൂർവം കത്തോലിക്കാ സഭ

തൊഴിൽകാര്യങ്ങൾക്ക് വേണ്ടിയാണ് കേരള കത്തോലിക്കാ മെത്രാൻസമിതിയിൽ ലേബർ കമ്മീഷൻ പ്രവർത്തിച്ചുവരുന്നത്. നമ്മുടെ രൂപതകൾക്കുള്ളിൽ വരുന്ന പ്രദേശങ്ങളിലെ തൊഴിലാളികളുടെ പ്രത്യേകിച്ചും അസംഘടിത തൊഴിലാളികളുടെ ആത്മീയവും ഭൗതികവുമായ നന്മയ്ക്കും പുരോഗതിയ്ക്കും വേണ്ടി പ്രവർത്തിയ്ക്കുന്ന ഡിപ്പാർട്ട്മെന്റാണത്. ഈ കമ്മീഷന്റെ കീഴിൽ കെ.എൽ.എം. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന കേരളാ ലേബർ മൂവ്മെന്റിലൂടെയാണ് കമ്മീഷൻ അതിന്റെ ദൗത്യം പ്രധാനമായും നിർവഹിക്കുന്നത്. കെ.എൽ.എം. സർക്കാരിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സൊസൈറ്റിയാണ്. ലേബർ കമ്മീഷനും കെ.എൽ.എമ്മും പ്രധാനമായും സർക്കാരിനും തൊഴിലാളികൾക്കും ഇടയിൽ ഒരു കണ്ണിയായി പ്രവർത്തിയ്ക്കുകയാണിപ്പോൾ ചെയ്യുന്നത്. അതോടൊപ്പം സ്വന്തം നിലയിലും കെ.എൽ.എം. തൊഴിലാളി ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. സർക്കാരും സർക്കാർ ഏജൻസികളും ആവിഷ്ക്കരിച്ചിട്ടുള്ള തൊഴിലാളി ക്ഷേമപദ്ധതികൾ അവർക്ക് കിട്ടാനുള്ള സാഹചര്യം ഒരുക്കുകയും അവ കിട്ടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. അതുപോലെതന്നെ പുതിയൊരു തൊഴിൽ സംസ്ക്കാരത്തിന് രൂപം കൊടുക്കാനും കെ.എൽ.എം. ശ്രമിക്കുന്നു. കത്തോലിയ്ക്കാ സഭയുടെ സാമൂഹിക പ്രബോധനങ്ങളിൽ തൊഴിലാളികളുടെ ഉന്നതിക്കും പുരോഗതിക്കും സവിശേഷ പ്രാധാന്യം കൊടുത്തിട്ടുണ്ട് എന്നതാണ് ഈ പ്രവർത്തനങ്ങളുടെയെല്ലാം അടിസ്ഥാനം.

### മേയ്ദിനത്തിലെ പ്രത്യേക ചിന്ത

ഈ മേയ് ദിനത്തിൽ പ്രത്യേകമായി ചിന്തിക്കേണ്ട ഒരു വിഷയം വരുമാനത്തെയും സമ്പാദ്യത്തെയും കുറിച്ചാണ്. തൊഴിലെടുത്തു ലഭിക്കുന്ന പണത്തിൽ എത്ര ശതമാനം നാം നമ്മുടെ കുടുംബത്തിന്റെ ക്ഷേമത്തിനായി വിനിയോഗിക്കുന്നു, എത്ര ശതമാനം സ്വന്തം സുഖത്തിനും സൗകര്യത്തിനുമായി ചെലവഴിക്കുന്നു എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ജോലി ചെയ്യാതെ ലഭിക്കുന്ന പണം പരിധിയില്ലാതെ ചെലവഴിക്കുന്നതിനുള്ള പ്രവണതയും വർദ്ധിക്കും. ഇപ്പോൾ മാന്ദ്യകാലമാണ്. അതിനാൽ അദ്ധ്വാനിച്ചു ലഭിക്കുന്ന പണം അദ്ധ്വാനിച്ചു തന്നെ ചെലവഴിക്കുകയും വേണം. സ്വന്തം ശരീരത്തെയും കുടുംബത്തിലെ സമാധാനത്തെയും നശിപ്പിക്കുന്ന തിന്മകൾക്കുവേണ്ടി പണം ചെലവഴിക്കരുത്.

### ശ്രമിച്ചാൽ സാമ്പത്തിക മാന്ദ്യത്തെ വീട്ടിൽ നിന്ന് ഓടിക്കാം

ചെറുകിട കർഷകരേയും കർഷകതൊഴിലാളികളെയുമാണ് സാമ്പത്തിക മാന്ദ്യം കേരളത്തിൽ ഏറ്റവും ശക്തമായി ബാധിക്കുന്നത്. മത്സ്യത്തൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ, കയർ-കശുവണ്ടി തൊഴിലാളികൾ എന്നിവരെയും സാമ്പത്തിക മാന്ദ്യം ബുദ്ധിമുട്ടിലാക്കും. കാരണം അവരുണ്ടാക്കുന്ന ഉത്പന്നങ്ങൾ വാങ്ങാൻ ആളില്ലാതെ വരും. അപ്പോൾ കമ്പനികൾ ജോലിക്കാരെ പിരിച്ചുവിടും. നമ്മുടെ രാജ്യത്തിന്റെ വളർച്ചാ നിരക്ക് തന്നെ രണ്ടു മുതൽ രണ്ടര ശതമാനം വരെ പുറകോട്ടായി കഴിഞ്ഞുവെന്നാണ് ഔദ്യോഗിക കണക്കുകൾ കാണിക്കുന്നത്. ഏഴു ശതമാനമാണ് ഈ വർഷത്തെ പ്രതീക്ഷിത വളർച്ചാ നിരക്ക്. എന്നാൽ ഏറ്റവും ഗൗരവമേറിയ കാര്യം നമ്മുടെ ജനതയിലെ അറുപത്തിയഞ്ച് ശതമാനം പേരും കൃഷി, മത്സ്യബന്ധനം, കന്നുകാലി വളർത്തൽ എന്നിവ ഉൾപ്പെടുന്ന പ്രാഥമിക മേഖലയിലാണ് പ്രവർത്തിക്കുന്നത് എന്നതാണ്.

ഈ രംഗത്തുള്ള വളർച്ചാ നിരക്ക് മൂന്നു ശതമാനത്തിൽ താഴെ മാത്രമായിരിക്കുമെന്നാണ് സൂചന. ഇതുമൂലം അടിസ്ഥാന തൊഴിലാളികളുടെയും ചെറുകിട കർഷകരുടെയും ജീവിതം കൂടുതൽ ദുരിതപൂർണ്ണമാകും. ക്ഷാമകാലത്തെ നേരിടാനായി പൂർവ്വപിതാവായ യൗസേപ്പിതാവിന്റെ വിവേകത്തോടെ പെരുമാറാൻ തൊഴിലാളി വിഭാഗം തയ്യാറാകേണ്ടിയിരിക്കുന്നു. കഴിഞ്ഞ ഒരു ദശകക്കാലമായി നമ്മുടെ രാജ്യം വികസന കുതിപ്പിലാണെന്നത് അഭിമാനാർഹമായ കാര്യമാണ്. ലോകത്തിലെ ശതകോടീശ്വരന്മാരുടെ എണ്ണത്തിൽ ഇന്ത്യ നാലാം സ്ഥാനത്താണ്. പക്ഷേ ഈ നേട്ടങ്ങൾ നമ്മുടെ രാജ്യത്തെ അടിസ്ഥാന ജനവിഭാഗങ്ങളിലേയ്ക്ക് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ലാ എന്നതാണ് വസ്തുത. കർഷകരുടെ ഇടയിലുള്ള ആത്മഹത്യകൾ പോലെയുള്ള ദുരന്തങ്ങൾ സൂചിപ്പിക്കുന്നത് അതാണ്. ഐക്യരാഷ്ട്ര സംഘടന കഴിഞ്ഞ വർഷം പുറത്തിറക്കിയ മനുഷ്യവികസന സൂചികയിൽ (Human Development Index) ഇന്ത്യയുടെ സ്ഥാനം നൂറ്റിയിരുപത്തിയെട്ടാണ്. ഒരുവർഷം മുമ്പ് അത് നൂറ്റിയിരുപത്തിയാറായിരുന്നു. കണ്ണഞ്ചിപ്പിക്കുന്ന വികസകുതിപ്പിനിടയിലും അടിസ്ഥാന തൊഴിലാളി വിഭാഗങ്ങളുടെ ജീവിതനിലവാരം താഴോട്ട് പോകുകയാണെന്ന് ഇത് സൂചിപ്പിക്കുന്നു.

ദാരിദ്ര്യത്തെ വിശകലനം ചെയ്യുന്നതിനെ സംബന്ധിച്ച മാനദണ്ഡം ലോകബാങ്ക് ഈയിടെ പുതുക്കി നിശ്ചയിക്കുകയുണ്ടായി. പ്രതിദിനം രണ്ടു ഡോളറിൽ (ഏകദേശം നൂറ് രൂപ) കുറവ് വരുമാനം ലഭിക്കുന്നവരെയാണ് ദരിദ്രരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രതിദിനം ഒന്നേകാൽ ഡോളർ പോലും ലഭിക്കാത്തവരെ പരമദരിദ്രർ എന്നാണ് വിശേഷിപ്പിക്കുന്നത്. ഇന്ത്യയിലെ ജനങ്ങളിൽ എഴുപത്തിയഞ്ച് ശതമാനം പേരെയും ദരിദ്രരുടെ പട്ടികയിലാണ് പെടുത്തിയിരിക്കുന്നത്. പരമദരിദ്രരാവട്ടെ മൊത്തം ഇന്ത്യക്കാരുടെ നാൽപത്തിയൊന്ന് ശതമാനമാണ്.

### തൊഴിലാളികളെ ബോധവത്കരിക്കാൻ നമുക്കും കടമ

നമ്മുടെ രാജ്യത്ത് ഏറെയും അസംഘടിത മേഖലയിലെ തൊഴിലാളികളാണ് എന്ന് നാം പറഞ്ഞു. സംഘടിത മേഖലയിൽപോലും സാമൂഹിക തൊഴിൽ സുരക്ഷ ലഭിക്കാത്തവർ ധാരാളം ഉണ്ട്. കർഷകത്തൊഴിലാളികൾ, ചെറുകിട കർഷകർ (അഞ്ചേക്കർ കൃഷി ഭൂമിയിൽ താഴെയുള്ളവർ), മത്സ്യത്തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ, കയർ-കശുവണ്ടി തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, പീടിക തൊഴിലാളികൾ തുടങ്ങിയ നൂറിൽപരം വിഭാഗങ്ങളെ അസംഘടിത തൊഴിലാളികളുടെ ലിസ്റ്റിൽ സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ ദേശീയ വരുമാനത്തിന്റെ അറുപത് ശതമാനത്തിൽ അധികം ഈ വിഭാഗത്തിന്റെ സംഭാവനയാണെങ്കിലും ഈ വിഭാഗത്തിന്റെ സാമൂഹിക ക്ഷേമത്തിനും സുരക്ഷയ്ക്കുമുള്ള സമഗ്രനിയമങ്ങൾ ഒന്നുംതന്നെ കഴിഞ്ഞ ആറ് പതിറ്റാണ്ടുകൾക്കിടയിൽ രൂപീകരിക്കപ്പെട്ടിരുന്നില്ലാ എന്നത് ഖേദകരമാണ്. അതുകൊണ്ട് തന്നെ ഈ അടുത്തകാലത്ത് കേന്ദ്രസർക്കാർ പാസ്സാക്കിയ അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷാ ആക്ട് - 2008 ഈ രംഗത്തുള്ള വലിയ കാൽവയ്പ്പായിട്ടാണ് കാണുന്നത്. ഈ നിയമം കൊണ്ടുവരുന്നതിൽ കെ.എൽ.എം. വളരെ അധികം നീക്കങ്ങൾ നടത്തിയിരുന്നു. നിയമം അതിന്റെ പൂർണ്ണ ഉദ്ദേശശുദ്ധിയോടെ നടപ്പിലാക്കാൻ വേണ്ട പിന്തുണയും സഹകരണവും തൊഴിലാളി സമൂഹവും തൊഴിലാളി സംഘടനകളും നൽകണം.

തൊഴിലാളി ക്ഷേമപദ്ധതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. എല്ലാ തൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കുവാൻ നാം ശ്രദ്ധിക്കണം. ആദ്യമായി ഈ രംഗത്ത് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമപദ്ധതികളെപ്പറ്റി അറിവുണ്ടാവുക അത്യാവശ്യമാണ്. ക്ഷേമനിധികളെപ്പറ്റിയുള്ള എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ച് ഒരു കൈപ്പുസ്തകം കെ.എൽ.എം. അടുത്തയിടെ പുറത്തിറക്കിയിട്ടുണ്ട്. ജെ.ബി.വൈ. എന്ന കേന്ദ്രസർക്കാർ സ്പോൺസേർഡ് ഇൻഷ്വറൻസ് പദ്ധതിയിൽ എല്ലാ അസംഘടിത തൊഴിലാളികൾക്കും അംഗങ്ങളാവാൻ കഴിയും. ജീവൻ മധുർ പോലെയുള്ള ഇൻഷ്വറൻസ് വഴിയുള്ള പണം ശേഖരിക്കാനും, കാലക്രമേണ എല്ലാവർക്കും പെൻഷൻ ലഭിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്താനും വേണ്ട ഒത്താശകൾ ചെയ്യുന്നതിനും തൊഴിലുടമകൾക്കും ബാധ്യതയുണ്ട്.